# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5742 — 03/11/2016 -ലെ മറുപടി

## സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.സത്യൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾ ജലലഭ്യത ഉറപ്പുവരുത്തുവാൻ വാമനപുരം നദിയിൽ തടയണ നിർമ്മിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;<br>(ബി) ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (എ) & (ബി) കിളിമാനൂർ പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതിയുടെ ഭരണാനുമതിയിൽ തടയണ നിർമ്മാണത്തിനു വേണ്ടിയുള്ള തുകയും ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനു വേണ്ടി കെ.എസ്.ടി.പി ടാർ കട്ടിങ്ങിനായി 5.25 കോടി രൂപ അടയ്ക്കേണ്ടി വന്നു. അതുമൂലം തടയണ നിർമ്മാണത്തിനുള്ള തുക അപര്യാപ്തമായി. തുടർന്ന് വാമനപുരം നദിയുടെ കുറുകെ 50 മീറ്റർ വീതിയിൽ 1.5 മീറ്റർ ഉയരത്തിൽ ഒരു തടയണ നിർമ്മിക്കുന്നതിനുള്ള 440 ലക്ഷം രൂപയുടെ വിശദമായ സാങ്കേതിക റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/